(സി) കോഴിക്കോട് വികസന അതോറിറ്റിക്ക് 2014-15-ൽ 5 കോടിയും 2015-16-ൽ 5 കോടി രൂപയുമാണ് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ലഭിച്ചത്. രണ്ടു വർഷത്തേക്കായി ലഭിച്ച തുകയുള്ള പദ്ധതികളുടെയെല്ലാം തന്നെ നിർവ്വഹണം നടന്നുവരികയും ചില പദ്ധതികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുള്ളതാണ്.

വള്ളുവനാട് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് അതോറിറ്റിക്ക് ഓഫീസ് പ്രവർത്തന ചെലവുകൾക്കും പദ്ധതികൾ നടപ്പിലാക്കുന്നതിനുമായി 72 ലക്ഷം രൂപ നൽകിയതിൽ 60,82,152 (അറുപതു ലക്ഷത്തി എൺപത്തിരണ്ടായിരത്തി ഒരുന്നൂറ്റി അമ്പത്തിരണ്ടു രൂപ മാത്രം) ചെലവായിട്ടുണ്ട്. അതോറിറ്റിയുടെ പ്രവർത്തന മേഖലയിൽപ്പെട്ട പഞ്ചായത്തുകളിൽ ഉൾപ്പെട്ട 8 സ്ഥലങ്ങളിൽ ലോ മാസ്റ്റ് എൽ.ഇ.ഡി. സോളാർ മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് 14.80 ലക്ഷം രൂപയും പെരിന്തൽമണ്ണ നാഷണൽ ഹൈവേ 213 സൗന്ദര്യ വൽക്കരണത്തിന് 9.50 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

തൃശ്ശൂർ വികസന അതോറിറ്റിക്കുവേണ്ടി 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ 7,06,00,000 രൂപയാണ് അനുവദിച്ചിട്ടുള്ളത്. അതിൽ 27,56,698 രൂപ ഇതേവരെ ചെലവഴിച്ചിട്ടുണ്ട്.

കൊല്ലം വികസന അതോറിറ്റിക്ക് 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ പ്ലാൻ ഫണ്ടിൽ 5 കോടി രൂപ വീതം അനുവദിച്ചിരുന്നു. 2014-15-ൽ ലഭിച്ച 5 കോടിയിൽ നിന്ന് ഇതുവരെ 30 ലക്ഷം ചെലവഴിച്ചു. ബാക്കി തുകയുള്ള പദ്ധതികൾ തയ്യാറായിട്ടുള്ളതും അവയുടെ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലുമാണ്. 2015-16-ൽ അനുവദിച്ച 5 കോടി രൂപയിൽ 90 ലക്ഷം നോൺ പ്ലാൻ പ്രവർത്തനങ്ങൾക്ക് ചെലവഴിക്കാൻ അനുവദിച്ചു. ബാക്കി തുക ടി അതോറിറ്റിക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**വിലസ്ഥിരതാ ഫണ്ട്**

14 (*284) <u>ശ്രീ. രാജു എബ്രഹാം</u> :
<u>ശ്രീ. ഇ. പി. ജയരാജൻ</u> :
<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിലസ്ഥിരതാ ഫണ്ടിന്റെ പ്രവർത്തനം സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) ഏതെല്ലാം വിളകൾക്കാണ് ഈ ഫണ്ടിൽ നിന്നുള്ള ആനുകൂല്യങ്ങൾ കർഷകർക്ക് ലഭ്യമാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ നല്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഫണ്ടിന്റെ പ്രവർത്തനംകൊണ്ട് കാർഷികോല്പന്നങ്ങളുടെ വിലയിടിവ് തടഞ്ഞുനിർത്തുവാൻ കഴിഞ്ഞിട്ടുണ്ടോ;

(ഡി) ഈ സർക്കാർ അധികാരമേറ്റതിനുശേഷമുള്ള ഫണ്ടിന്റെ നീക്കിയിരിപ്പും ചെലവും സംബന്ധിച്ച വിശദാംശം ലഭ്യമാണോ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ):

(എ) സംസ്ഥാനത്ത് റബ്ബറിന്റെ വിലസ്ഥിരതയ്ക്കായി നടപ്പിലാക്കുന്ന റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിന്റെ ഒരു അവലോകനയോഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടത്തുകയുണ്ടായി. പ്രസ്തുത യോഗത്തിൽ റബ്ബറിന്റെ ആഭ്യന്തര ഉപഭോഗം വർദ്ധിപ്പിക്കുവാൻ പബ്ലിക് വർക്ക്സ് ഡിപ്പാർട്ടുമെന്റിന് കീഴിലുള്ള റോഡുകൾ റബ്ബറൈസ് ചെയ്യുവാനുള്ള പ്രൊപ്പോസലുകൾ ക്യാബിനറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാനും, ഇറക്കുമതി നിരക്കിൽ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ മുഖേന RSS IV റബ്ബർ സംഭരിക്കാനുമുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കാനുമുള്ള തീരുമാനം എടുക്കുകയുണ്ടായി. RSS IV റബ്ബർ സംഭരിക്കാനുള്ള സാധ്യതകൾ ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള അവലോകന യോഗങ്ങളിൽ പരിശോധിച്ചുവരികയാണ്. റബ്ബർ ഉൽപ്പാദന പ്രോത്സാഹന പദ്ധതി നടപ്പിലാക്കിയതിലൂടെ റബ്ബറിന്റെ വിലത്തകർച്ചമൂലം കർഷകർ റബ്ബർ കൃഷി ഉപേക്ഷിക്കുന്ന പ്രവണതയെ പ്രതിരോധിക്കാൻ കഴിഞ്ഞിട്ടുണ്ട്.

നാളികേരത്തിന് ന്യായവില ലഭിക്കുന്നതിന് നടപ്പിലാക്കുന്ന പച്ചനാളികേര സംഭരണ പദ്ധതിയും പച്ചക്കറികളുടെ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിനുള്ള വിപണി ഇടപെടലുകളും കൃഷി വകുപ്പിന്റെ വിലസ്ഥിരതയ്ക്കുവേണ്ടി വിപണി ഇടപെടൽ പദ്ധതി പ്രകാരമാണ് നടപ്പിലാക്കുന്നത്.

(ബി) റബ്ബറിന്റെ വിലസ്ഥിരതയ്ക്കായി നടപ്പിലാക്കുന്ന റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിയിലൂടെയും നാളികേരത്തിന് ന്യായവില ലഭ്യമാക്കുന്ന പച്ചനാളികേര സംഭരണ പദ്ധതിയിലൂടെയും കർഷകർക്ക് ആനുകൂല്യം ലഭിക്കുന്നുണ്ട്.

(സി) റബ്ബർ വിലയിടിവിന് പരിഹാരമായി നടപ്പിലാക്കുന്ന റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിയിലൂടെ ലഭിക്കുന്ന ആനുകൂല്യം കർഷകർക്ക് ഏറെ ആശ്വാസകരമാണ്.

കൃഷിവകുപ്പും കേരഫെഡും സംയുക്തമായി നടപ്പിലാക്കിവരുന്ന പച്ചനാളികേര സംഭരണ പദ്ധതിയിലൂടെ നാളികേരത്തിന് ന്യായമായ വില ലഭിക്കുന്നതിനുള്ള സാഹചര്യമുണ്ടാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വിലസ്ഥിരതയ്ക്കുവേണ്ടി വിപണി ഇടപെടൽ പദ്ധതിപ്രകാരം 2011-12 മുതൽ ചെലവഴിച്ചതും നീക്കിയിരിപ്പും സംബന്ധിച്ച വിവരം താഴെ ചേർത്തിരിക്കുന്നു:

| വർഷം | ചെലവ് തുക (ലക്ഷം രൂപ) | നീക്കിയിരുപ്പ് തുക |
|---|---|---|
| 2011-12 | 888.27685 | ഇല്ല |
| 2012-13 | 4506.548 | ഇല്ല |
| 2013-14 | 3028.7841 | ഇല്ല |
| 2014-15 | 2094.25 | ഇല്ല |
| 2015-16 | 1700.00 | ഇല്ല |

റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കുന്നതിനായി 2015-16 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ 300 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിയിൻകീഴിൽ ഇതുവരെ 347342 റബ്ബർ കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 17-2-2016 വരെ 472472 സെയിൽസ് ബില്ലുകളിലായി 118.50 കോടി രൂപ സബ്സിഡിയിനത്തിൽ റബ്ബർ കർഷകർക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

**തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചെലവ് തുക**

15 (*285) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. എം. ഹംസ :
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചെലവ് തുക ട്രഷറിയിൽ നിന്ന് ബില്ല് മുഖേന മാറണമെന്നത് പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) വീട് നിർമ്മാണം ഉൾപ്പെടെയുള്ള ക്ഷേമഫണ്ടുകളുടെ തുക ട്രഷറി നിയന്ത്രണംമൂലം മാറാൻ കഴിയാത്ത സ്ഥിതിവിശേഷം സംജാതമായിട്ടുണ്ടോ;

(സി) സാംഖ്യ സോഫ്റ്റ്വെയർ ഉപയോഗിക്കുന്നതിനെ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകിയിട്ടുണ്ടോ;

(ഡി) സാമ്പത്തികവർഷം അവസാനിക്കാറായത് കണക്കിലെടുത്ത് ഇത്തരം പ്രശ്നങ്ങൾക്ക് സമയബന്ധിതമായി പരിഹാരം കാണാൻ തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly